# കേരള സർക്കാർ

**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 218
27.06.2011 ൽ മറുപടിയ്ക്ക്

**ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ശാക്തീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. പി.സി.ജോർജ് | കെ.എം.മാണി<br>ബഹു:ധനകാര്യവും,<br>നിയമവും,ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| **ചോദ്യം** | **ഉത്തരം** |
| എ) സംസ്ഥാന ഗവൺമെന്റിന്റെ 'സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വകുപ്പ്' ആയ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ശാക്തീകരണത്തിനായി എന്തൊക്കെ നടപടികളാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | കമ്പ്യൂട്ടർവത്കരണം വഴി എല്ലാ പഞ്ചായത്ത് നഗരസഭാ അക്കൗണ്ടുകളും ഡബിൾ എൻട്രി സിസ്റ്റത്തിൽ പരിപാലിക്കാൻ തീരുമാനമായിട്ടുള്ള സ്ഥിതിക്ക് ഡബിൾ എൻട്രി അക്കൗണ്ടിംഗിലും ഓഡിറ്റിലും വേണ്ട ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനായി കില, ഐ.എം.ജി എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് അക്കൗണ്ടിംഗ്, ഓഡിറ്റ് സർട്ടിഫിക്കേഷൻ മുതലായ വിഷയങ്ങളിൽ ജീവനക്കാർക്ക് പരിശീലനം നൽകി ഓഡിറ്റ് ശാക്തീകരണത്തിന് വകുപ്പുതലത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നു. |
| ബി) വകുപ്പിന് സ്വതന്ത്ര ചുമതല നൽകുന്നതിനായി "ഓഡിറ്റ് കമ്മീഷൻ" രൂപവൽക്കരിയ്ക്കുന്നതിന് നിയമനിർമ്മാണം നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കാമോ? | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | |
|---|---|
| സി) സൂപ്പർവൈസറി തസ്തികകൾ അപ്ഗ്രേഡ് ചെയ്തതുമൂലം വകുപ്പിൽ സംജാതമായിട്ടുള്ള പ്രമോഷനുകളിലെ സ്റ്റാഗ്നേഷൻ അവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ